പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2657 **28-10-2026-ൽ മറുപടിയ്ക്ക്**

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രത്യേക കേന്ദ്രസഹായം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്
ശ്രീ. കെ. പി. നൗഷാദ് അലി
ശ്രീ. കെ. പ്രവീൺ കുമാർ
ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഫ് ലൈഫ് ഹാബിറ്റാറ്റ്സ് -ൽ ഉൾപ്പെടുത്തി 620 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്രസർക്കാരിന് രൂപരേഖ സമർപ്പിച്ചിരുന്നോ; വിശദമാക്കുമോ;

മറുപടി: സമർപ്പിച്ചിരുന്നു.

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്സ് എന്ന പദ്ധതിയിൽ 620 കോടി (60:40 അനുപാതത്തിൽ) രൂപയ്ക്ക് അഞ്ച് വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു.

(ബി) മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അംഗീകാരം ലഭിക്കുന്നതിനും കേന്ദ്രവിഹിതം അനുവദിക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

മറുപടി: സംസ്ഥാനവുമായി കേന്ദ്രം ചെലവ് പങ്കിടുന്ന പദ്ധതികളിലൂടെ സംസ്ഥാന സർക്കാരിനുള്ള ധനസഹായം നൽകിവരുന്നുണ്ടെന്നും സംസ്ഥാനം ശാസ്ത്രീയവും ആധുനികവുമായ രീതികൾ അവലംബിച്ചും വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും വിഭവസമാഹരണം നടത്തിയും ദീർഘകാല സുസ്ഥിര പദ്ധതികൾ ഉപയോഗിച്ച് മനുഷ്യ-വന്യജീവി സംഘർഷത്തെ നേരിടുന്നതാണ് അഭികാമ്യമെന്നാണ് വനം-പരിസ്ഥിതി മന്ത്രാലയം അറിയിച്ചിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും ഉണ്ടായിട്ടുള്ള പ്രതിസന്ധികൾ വിലയിരുത്തിയിട്ടുണ്ട് . സംസ്ഥാനത്തെ ആർ. ആർ.ടി.കളുടെ ശാക്തീകരണം, മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള പ്രതിരോധ നിർമ്മിതികൾ, ആധുനിക സാങ്കേതിക വിദ്യയുടെ പ്രയോജനം ഉപയോഗപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ വിഭാവനം ചെയ്തിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ പ്രസ്തുത പദ്ധതിക്ക് അംഗീകാരം ലഭിക്കാത്തതുമൂലം മന്ദഗതിയിലായിട്ടുണ്ട്. എന്നാൽ നിലവിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള സംസ്ഥാന പ്ലാൻ ഫണ്ടിൽ ഈ വർഷം മുതൽ കൂടുതൽ തുക വകയിരുത്തി മേൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ദുരന്തനിവാരണ നിധിയിൽ നിന്നും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ഫണ്ട് അനുവദിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ